# ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി
## തിരുവനന്തപുരം– 695 011, ഇന്ത്യ

(ഭാരത സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ദേശീയ പ്രാധാന്യമുള്ള ഇൻസ്റ്റിറ്റ്യൂട്ട്)

ഫോൺ: (91) 0471–2443152 ഫാക്സ്: (91) 0471– 2446433, 2550728

ഇമെയിൽ: sct@sctimst.ac.in വെബ്സൈറ്റ്: www.sctimst.ac.in


Advt. No. P&A.II/18/Cleaner-T/SCTIMST/2019 തീയതി: 10.06.2019

**<u>വിജ്ഞാപനം</u>**

**<u>ക്ലീനർ തസ്തികയിലേക്ക് (താത്ക്കാലികം)–179 ദിവസം മാത്രം– ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു</u>**

**ഓൺലൈൻ അപേക്ഷ സ്വീകരിച്ച് തുടങ്ങുന്ന തീയതി– 18.06.2019**
**ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി– 05.07.2019**
**പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് 15.07.2019 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്**
**പ്രതീക്ഷിക്കപ്പെടുന്ന എഴുത്ത് പരീക്ഷാ തീയതി : 21.07.2019**

**(ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിന് ശേഷം കമ്പ്യൂട്ടറിൽ നിന്ന് ലഭിക്കുന്ന അപേക്ഷ ഫോം ഉദ്യോഗാർത്ഥികൾ എഴുത്ത് പരീക്ഷയ്ക്ക് വരുമ്പോൾ മാത്രം കൊണ്ടുവരുക.)**
**(അപേക്ഷ ഫോം മുൻകൂട്ടി അയയ്ക്കേണ്ടതില്ല.)**

**ഒഴിവുകളുടെ എണ്ണം**– രണ്ട് വർഷം കാലാവധിയുള്ള പട്ടിക തയ്യാറാക്കുന്നതിന് (എസ്സി/എസ്ടി/ ഒബിസി വിഭാഗങ്ങൾക്ക് ഭാരത സർക്കാർ നിയമപ്രകാരമുള്ള സംവരണം ലഭിക്കും. 100 പോയിന്റ് റോസ്റ്റർ പ്രകാരം ഓരോ വിഭാഗത്തിനുമുള്ള സംവരണ വിഹിതം ഇനിപ്പറയുന്നു: ഒബിസി–27%, എസ്സി–10%, എസ്ടി–1%)

**യോഗ്യതയും പ്രവൃത്തിപരിചയവും**

i) പത്താംക്ലാസ് ജയം

ii) അഭികാമ്യ യോഗ്യത: കുറഞ്ഞത് 200 കിടക്കകളുള്ള ആശുപത്രിയിൽ ഒരുവർഷം ക്ലീനിംഗ് അറ്റൻഡന്റായി ജോലി ചെയ്തുള്ള പരിചയം.

iii) ഡിപ്ലോമ/ഐടിഐ/ബിരുദം യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഈ തസ്തികയിലേക്ക് പരിഗണിക്കുന്നതല്ല.

iv) തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ മേൽപ്പറഞ്ഞ കാര്യങ്ങളിൽ തെറ്റായ വിവരങ്ങൾ നൽകിയതായി ബോധ്യപ്പെട്ടാൽ അവരുടെ നിയമന ശുപാർശ റദ്ദാക്കുകയോ ജോലിയിൽ നിന്ന് പിരിച്ചുവിടുകയോ ചെയ്യുന്നതാണ്.

**ഏകീകൃത പ്രതിമാസ വേതനം: 17325 രൂപ**

**<u>പൊതുനിർദ്ദേശങ്ങൾ</u>**

1. **<u>30.06.2019</u>** അടിസ്ഥാനമാക്കിയായിരിക്കും യോഗ്യത കണക്കാക്കുന്നത്. ഈ തീയതി പ്രകാരം ഉദ്യോഗാർത്ഥികൾക്ക് എല്ലാവിധ യോഗ്യതകളും ഉണ്ടായിരിക്കണം. **18.06.2019 മുതൽ 05.07.2019 വരെ** എസ്സിടിഐഎംഎസ്ടി വെബ്സൈറ്റായ **<u>www.sctimst.ac.in</u>**–ൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കാം.

2. **<u>അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>**

**ഘട്ടം 1**– അപേക്ഷാ ഫീസ് അടയ്ക്കുക. ഇതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എസ്ബി കളക്ട് വെബ്സൈറ്റ് സന്ദർശിക്കുക.

**ഘട്ടം 2**– ഫീസ് അടച്ചതിന് ശേഷം ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുക. ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റ് http://www.sctimst.ac.in സന്ദർശിച്ച് ഓൺലൈൻ അപേക്ഷ സമർപ്പിക്കുക.

**<u>അപേക്ഷാ ഫീസ് (ഓൺലൈനായി മാത്രം)</u>**

ഇനിപ്പറയുന്ന വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ എസ്ബി കളക്ട് വെബ്സൈറ്റിൽ പണം അടയ്ക്കാവുന്നതാണ്.

a) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് ബാങ്ക് കളക്ട് പോർട്ടലിൽ നിന്ന് ലഭിക്കുന്ന പ്രീ അക്നോളജ്മെന്റ് പേയ്മെന്റ് ഫോം (പിഎപി) ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖകളിൽ നേരിട്ട് പണമടയ്ക്കുക.

b) ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യമുപയോഗിച്ച് ഓൺലൈനായി പണമടയ്ക്കുക.

c) ഏതെങ്കിലും ബാങ്കിൽ നിന്ന് ലഭിച്ച വിസ/മാസ്റ്റർ ഡെബിറ്റ് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഓൺലൈനായി പണമടയ്ക്കുക.

**അപേക്ഷാ ഫീസ് അടയ്ക്കുന്നതിനുള്ള വിവിധ ഘട്ടങ്ങൾ:**

a) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എസ്ബി കളക്ട് വെബ്സൈറ്റ് എടുക്കുക.

b) ഏത് വിഭാഗത്തിലാണ് പണമിടപാട് (Payment Category) നടത്തുന്നതെന്ന് തിരഞ്ഞെടുക്കുക.

c) തസ്തിക തിരഞ്ഞെടുക്കുക- ഉദ്യോഗാർഥിയുടെ പേര്, ജനനത്തീയതി, മൊബൈൽ നമ്പർ, അപേക്ഷാ ഫീസ് എന്നിവ നൽകുക.

d) സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

e) പണം അടയ്ക്കുന്നതിനുള്ള അനുയോജ്യ മാർഗ്ഗം തിരഞ്ഞെടുക്കുക.

f) തിരഞ്ഞെടുത്ത മാർഗ്ഗം സൂചിപ്പിക്കുന്ന ബട്ടണിൽ ക്ലിക്ക് ചെയ്തതിന് ശേഷം കണ്ടിന്യൂ ബട്ടണിൽ അമർത്തുക.

g) ഓൺലൈനായി പണം അടയ്ക്കുന്നവർ INB റെഫറൻസ് നമ്പർ എഴുതി സൂക്ഷിക്കുകയും രസീത് പ്രിന്റ് എടുത്ത് വയ്ക്കുകയും വേണം.

**(അപേക്ഷയ്ക്കൊപ്പം രസീതിന്റെ പകർപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.)**

h) **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖകളിൽ നേരിട്ട് പണമടയ്ക്കാൻ** ഉദ്ദേശിക്കുന്നവർ പ്രീ അക്നോളജ്മെന്റ് പേയ്മെന്റ് ഫോം (പിഎപി) പ്രിന്റ് എടുത്ത് ഏതെങ്കിലും എസ്ബിഐ ശാഖയിൽ പണമടയ്ക്കുക.

**(ബാങ്കിന്റെ സീൽ പതിച്ച പിഎപി ഫോം അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ടതാണ്.)**

**എല്ലാവിധ ബാങ്ക് ചാർജുകളും ഉദ്യോഗാർത്ഥി വഹിക്കേണ്ടതാണ്.**

**<u>അപേക്ഷാ ഫീസ്</u>**

പൊതു/ഒബിസി വിഭാഗങ്ങൾക്ക് **250** (ഇരുന്നൂറ്റി അമ്പത് മാത്രം) രൂപ. സ്ത്രീകൾ/എസ്സി/എസ്ടി എന്നീ വിഭാഗങ്ങളെ ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. അപേക്ഷാ ഫീസ് തിരികെ നൽകുന്നതല്ല. **<u>ശാരീരിക വൈകല്യങ്ങളുള്ള (40 ശതമാനവും അതിന് മുകളിലും) ഉദ്യോഗാർത്ഥികളും ഫീസ് അടയ്ക്കേണ്ടതില്ല.</u>** <u>ട്രേഡ് ടെസ്റ്റിന്റെ സമയത്ത് അപേക്ഷയ്ക്കൊപ്പം യോഗ്യരായ അധികാരികൾ നൽകുന്ന സാക്ഷ്യപത്രം സമർപ്പിക്കുന്ന എസ്സി/എസ്ടി/വികലാംഗ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ ഫീസ് ഇളവ് ലഭിക്കുകയുള്ളൂ.</u>

3. **<u>പ്രായപരിധി</u>**

**<u>30.06.2019</u>-ന് 30 വയസ്സ് കഴിയാൻ പാടില്ല.**

| **വിഭാഗം** | **പ്രായപരിധിയിൽ ലഭിക്കുന്ന ഇളവ്** |
|---|---|
| പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾ | 5 വർഷം |
| മറ്റ് പിന്നാക്ക വിഭാഗങ്ങൾ (നോൺ ക്രീമിലെയർ) | 3 വർഷം |
| വിമുക്തഭടന്മാർ, മറ്റ് പ്രത്യേക വിഭാഗങ്ങൾ | കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം |

പ്രായപരിധിയിൽ ഇളവ് അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ തഹസീൽദാരിൽ കുറയാത്ത റവന്യൂ അധികാരിയിൽ നിന്ന് കേന്ദ്ര സർക്കാർ നിയമനങ്ങൾക്ക് ബാധകമായ മാതൃകയിൽ എസ്സി/എസ്ടി/ഒബിസി (നോൺ ക്രീമിലെയർ) സർട്ടിഫിക്കറ്റ് വാങ്ങി പരീക്ഷ/ ട്രേഡ് ടെസ്റ്റ് സമയത്ത് സമർപ്പിക്കേണ്ടതാണ്.

ഭാരത സർക്കാർ ഉത്തരവ് പ്രകാരം പ്രായപരിധിയിൽ ഇളവ് അവകാശപ്പെടുന്ന മറ്റ് വിഭാഗങ്ങളിലെ

ഉദ്യോഗാർത്ഥികൾ [എസ്‌സി/എസ്ടി/ഒബിസി (നോൺ ക്രീമിലെയർ) വിഭാഗങ്ങളിൽ പെടാത്തവർ] അപേക്ഷയിൽ നിർദ്ദിഷ്ട സ്ഥലത്ത് ഇതുസംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതും പരീക്ഷ/ ട്രേഡ് ടെസ്റ്റ് സമയത്ത് യോഗ്യരായ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം സമർപ്പിക്കേണ്ടതുമാണ്.

**<u>4. ഫോട്ടോ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യുക</u>**

ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് താഴെ പറയുന്ന പ്രകാരം സ്കാൻ ചെയ്ത സ്വന്തം ഫോട്ടോ ഉദ്യോഗാർത്ഥി തയ്യാറാക്കി വയ്ക്കുക:-

a. അടുത്തിടെ എടുത്ത **കളർ ഫോട്ടോ. ഫോട്ടോയുടെ പശ്ചാത്തലം വെളുപ്പ് നിറമായിരിക്കണം.**

b. ഫോട്ടോ .jpeg ഫോർമാറ്റിലായിരിക്കാൻ ശ്രദ്ധിക്കുക.

c. ഫോട്ടോയുടെ വലുപ്പം 35X45 മില്ലീമീറ്റർ ആയിരിക്കണം. സൈസ് 50 KB-യിൽ കൂടരുത്.

d. ഫോട്ടോ അപ്ലോഡ് ചെയ്യുന്നതിനായി ബ്രൗസ് ബട്ടണിൽ ക്ലിക്ക് ചെയ്യുക. സേവ് ചെയ്തിരിക്കുന്ന ഫോട്ടോ സെലക്ട് ചെയ്ത് ഓപ്പണിൽ ക്ലിക്ക് ചെയ്യുക. ഇനി അപ്ലോഡ് ബട്ടണിൽ ക്ലിക്ക് ചെയ്യണം. ക്രോപ് ഓപ്ഷൻ ഉപയോഗിച്ച് ഫോട്ടോയിൽ മാറ്റം വരുത്തി സേവ് ചെയ്യാൻ കഴിയും. ആവശ്യമില്ലെങ്കിൽ No തിരഞ്ഞെടുത്ത് Next-ൽ ക്ലിക്ക് ചെയ്ത് ഘട്ടം 3-ലേക്ക് പോവുക.

5. **<u>അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള തീയതി</u>**

യോഗ്യരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും **<u>www.sctimst.ac.in</u>** എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപ്ലിക്കേഷൻ രജിസ്ട്രേഷൻ നമ്പർ, ഇ-മെയിൽ ഐഡി, ജനനത്തീയതി (അപേക്ഷയിൽ നൽകിയിരിക്കുന്നത്) എന്നിവ നൽകി **ലോഗിൻ ചെയ്ത് <u>15.07.2019 മുതൽ</u>** അഡ്മിറ്റ് കാർഡും പരീക്ഷയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഡൗൺലോഡ് ചെയ്തെടുക്കാം. അഡ്മിറ്റ് കാർഡ് ഡൗൺലോഡിന് ലഭ്യമാണെന്ന് കാണിച്ച് അപേക്ഷയിൽ നൽകിയിരിക്കുന്ന ഇ-മെയിൽ ഐഡിയിൽ സന്ദേശവും ലഭിക്കും. **അഡ്മിറ്റ് കാർഡ് തപാലിൽ അയക്കുന്നതല്ല.**

6. **<u>തിരഞ്ഞെടുപ്പ് രീതി</u>**

യോഗ്യരായ ഉദ്യോഗാർത്ഥികൾ അഡ്മിറ്റ് കാർഡിൽ പറഞ്ഞിരിക്കുന്ന പ്രകാരം എഴുത്ത് പരീക്ഷയ്ക്ക് ഹാജരാവണം. ***പരീക്ഷയുടെ മാധ്യമം മലയാളം/ഇംഗ്ലീഷ് ആയിരിക്കും.*** **എഴുത്ത് പരീക്ഷയുടെ ഫലവും തുടർന്ന് നടക്കുന്ന ട്രേഡ് ടെസ്റ്റിന്റെ സമയക്രമവും അന്നുതന്നെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും. ട്രേഡ് ടെസ്റ്റിന് പ്രത്യേകം അഡ്മിറ്റ് കാർഡ് അയക്കുന്നതല്ല. എഴുത്ത് പരീക്ഷയുടെ സമയത്ത് ഉദ്യോഗാർത്ഥികൾ <u>അഡ്മിറ്റ് കാർഡ്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, മറ്റ് രേഖകൾ എന്നിവ ഇനിപ്പറയുന്ന ക്രമത്തിൽ ഹാജരാക്കണം.</u>**

a. ഉദ്യോഗാർത്ഥിയുടെ ഒപ്പോട് കൂടിയ ഓൺലൈനായി ലഭിക്കുന്ന അപേക്ഷാ ഫോം

b. ഓൺലൈനായി ഫീസ് അടച്ചതിന്റെ രസീത് അല്ലെങ്കിൽ സീൽ പതിച്ച പ്രീ അക്നോളജ്മെന്റ് പേയ്മെന്റ് ഫോം

c. പത്താംക്ലാസ് സർട്ടിഫിക്കറ്റ്

d. യോഗ്യരായ അധികാരികൾ സാക്ഷ്യപ്പെടുത്തിയ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ്. ഇതിൽ എന്നുമുതൽ എന്നുവരെയാണ് ജോലി ചെയ്തിരുന്നത്, ജോലിയുടെ സ്വഭാവം, ഈ വിജ്ഞാപനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന മറ്റ് യോഗ്യതകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിരിക്കണം.

e. പ്രായപരിധിയിൽ ഇളവ് അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ തഹസീൽദാരിൽ കുറയാത്ത റവന്യൂ അധികാരിയിൽ നിന്നുള്ള, കേന്ദ്രസർക്കാർ ജോലികൾക്ക് സമർപ്പിക്കേണ്ട മാതൃകയിലെ ജാതി സർട്ടിഫിക്കറ്റ് (എസ്‌സി/എസ്ടി/ഒബിസി (നോൺ ക്രീമിലെയർ))

f. മെഡിക്കൽ ബോർഡ് നൽകുന്ന വികലാംഗ (വൈകല്യം-40 ശതമാനവും അതിന് മുകളിലും) സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ മാത്രം)

g. അപേക്ഷയിൽ പറഞ്ഞിരിക്കുന്ന മറ്റ് സർട്ടിഫിക്കറ്റുകൾ

**മേൽപ്പറഞ്ഞ രേഖകളില്ലാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാനോ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുവാനോ അനുവദിക്കുന്നതല്ല.**

**7. ശ്രദ്ധിക്കുക**

a. **അപ്രന്റിസ്ഷിപ്പ്/പരിശീലന കാലയളവ് പ്രവൃത്തിപരിചയമായി കണക്കാക്കുകയില്ല.**

b. **പ്രവൃത്തിപരിചയം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് നിശ്ചിത യോഗ്യതയ്ക്ക് ശേഷം നേടിയ പ്രവൃത്തിപരിചയമാണ്.**

c. ഒരു ഉദ്യോഗാർത്ഥി ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുവാൻ പാടില്ല.

d. അപേക്ഷയിൽ മാറ്റങ്ങൾ/തിരുത്തലുകൾ വരുത്താൻ ഒരു കാരണവശാലും അനുവദിക്കുകയില്ല.

e. തപാൽ വിതരണത്തിലുണ്ടാകുന്ന കാലതാമസം, തപാൽ ശൃംഖലയിൽ വച്ചുണ്ടാകുന്ന നഷ്ടപ്പെടൽ എന്നിവയ്ക്ക് എസ്സിടിഐഎംഎസ്ടി ഉത്തരവാദിയായിരിക്കുകയില്ല. പിന്നീടുള്ള ആവശ്യങ്ങൾക്കായി ഉദ്യോഗാർത്ഥികൾ അപേക്ഷ ഉൾപ്പെടെയുള്ളവയുടെ ഫോട്ടോകോപ്പി സൂക്ഷിക്കേണ്ടതാണ്.

f. നേരിട്ടോ അല്ലാതെ സെലക്ഷൻ കമ്മിറ്റിയെ സ്വാധീനിക്കാൻ ശ്രമിക്കുന്ന ഉദ്യോഗാർത്ഥികൾ അയോഗ്യരാക്കപ്പെടും.

g. പരീക്ഷ/ട്രേഡ് ടെസ്റ്റ് എന്നിവയിൽ ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിക്കുന്നത് സോപാധികമായാണ്. അഡ്മിറ്റ് കാർഡ് നൽകിയെന്നത് എസ്സിടിഐഎംഎസ്ടി നിങ്ങളുടെ അപേക്ഷ എല്ലാവിധത്തിലും കുറ്റമറ്റതാണെന്ന് അംഗീകരിച്ചുവെന്നതിന്റെ സൂചനയല്ല.

h. ഏതെങ്കിലും ഘട്ടത്തിൽ യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന് വ്യക്തമാവുകയോ തെറ്റായ/വ്യാജ വിവരങ്ങൾ/സർട്ടിഫിക്കറ്റുകൾ/രേഖകൾ നൽകിയെന്ന് ബോധ്യപ്പെടുകയോ വിവരങ്ങൾ മറച്ചുവച്ചതായി കണ്ടെത്തുകയോ ചെയ്താൽ ആ ഉദ്യോഗാർത്ഥിയെ അയോഗ്യ/അയോഗ്യനാക്കുന്നതായിരിക്കും.

8. **ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നത് എങ്ങനെ**

**ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി മാത്രമേ അപേക്ഷ സമർപ്പിക്കാൻ കഴിയൂ.** മറ്റ് രീതികളിലുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

ഉദ്യോഗാർത്ഥികൾ എസ്സിടിഐഎംഎസ്ടി വെബ്സൈറ്റ് ആയ **www.sctimst.ac.in** സന്ദർശിച്ച് **RECRUITMENT>CLEANER (TEMPORARY)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ ഇനിപ്പറയുന്ന മൂന്ന് ലിങ്കുകൾ കാണാൻ കഴിയും.

1. നോട്ടിഫിക്കേഷൻ ആന്റ് ജനറൽ ഇൻസ്ട്രക്ഷൻസ്
2. അപ്ലൈ ഓൺലൈൻ
3. ലോഗിൻ (സമർപ്പിച്ച ഓൺലൈൻ അപേക്ഷ കാണുന്നതിനും അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനും)

APPLY ONLINE-ൽ ക്ലിക്ക് ചെയ്താൽ ഓൺലൈൻ അപേക്ഷ ലഭിക്കും.

**ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ഓർക്കേണ്ട കാര്യങ്ങൾ**

ഉദ്യോഗാർത്ഥിക്ക്/ ഉദ്യോഗാർത്ഥിയുടെ പക്കൽ ഇനിപ്പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കണം:

a. **സാധുവായ ഇ-മെയിൽ ഐഡി.** ഇ-മെയിൽ ഐഡി ഇല്ലാത്തവർ അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ഇ-മെയിൽ ഐഡി ഉണ്ടാക്കുക.

b. പൊതുനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഫോട്ടോ സ്കാൻ ചെയ്തുവയ്ക്കുക.

c. ബാങ്കിന്റെ പേര്, ശാഖ, ഡിഡി നമ്പർ, തീയതി, തുക തുടങ്ങിയ അപേക്ഷാ ഫീസ് സംബന്ധിച്ച വിവരങ്ങൾ എടുത്തുവയ്ക്കുക.

d. വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് (പ്രായപരിധിയിൽ ഇളവ് അവകാശപ്പെടുന്നവർ), വിജ്ഞാപന പ്രകാരമുള്ള മറ്റ് രേഖകൾ എന്നിവ എടുത്തുവയ്ക്കുക.

**ആറ് ഘട്ടങ്ങളായാണ് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടത്. ഓരോ ഘട്ടത്തിലും തിരുത്തലുകൾ വരുത്താൻ കഴിയും. ഓരോ ഘട്ടവും ശരിയായി പൂർത്തീകരിച്ചു കഴിഞ്ഞാൽ പേജിന്റെ മുകൾ ഭാഗത്ത് പച്ചനിറത്തിൽ ശരി ചിഹ്നം പ്രത്യക്ഷപ്പെടും. അല്ലെങ്കിൽ എവിടെയാണോ തെറ്റുള്ളത് അതിന് നേർക്ക് ചുവപ്പ് നിറത്തിൽ ശരി ചിഹ്നം കാണാൻ കഴിയും.**

**ഘട്ടം 1 (പ്രധാന നിർദ്ദേശങ്ങൾ)**

ഉദ്യോഗാർത്ഥികൾക്ക് **Important Instructions** കാണാനാകും. വിജ്ഞാപനത്തിന്റെയും പൊതുനിർദ്ദേശങ്ങളുടെയും ലിങ്കും കാണാനാകും. അപേക്ഷയിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനും മുമ്പ് ഉദ്യോഗാർത്ഥികൾ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക. അതിനുശേഷം **I HAVE READ THE INSTRUCTIONS**- ന് നേരെയുള്ള ചെക്ക്ബോക്സിൽ ക്ലിക്ക് ചെയ്യുക. അടുത്തതായി Next–ൽ അമർത്തി ഘട്ടം 2–ലേക്ക് പോവുക.

**ഘട്ടം 2 (തസ്തിക തിരഞ്ഞെടുക്കുക, ഫോട്ടോ അപ്ലോഡ് ചെയ്യുക)**

1. അപേക്ഷ സമർപ്പിക്കുന്ന തസ്തിക തിരഞ്ഞെടുക്കുക.
2. ഫോട്ടോ അപ്ലോഡ് ചെയ്യുക

Next–ൽ അമർത്തി ഘട്ടം 3–ലേക്ക് പോവുക.

**ഘട്ടം–3 (വ്യക്തി വിവരങ്ങൾ)**

3. പത്താതരം സർട്ടിഫിക്കറ്റിൽ ഉള്ളത് പോലെ ഉദ്യോഗാർത്ഥിയുടെ പേര് രേഖപ്പെടുത്തുക. **എന്നാൽ ഇനിഷ്യൽ പേരിന്റെ അവസാനത്തിലായിരിക്കണം.** Mr/Mrs/Kum മുതലായവ പാടില്ല.
4. **ശ്രദ്ധിച്ച് ഇ–മെയിൽ ഐഡി രേഖപ്പെടുത്തുക.**
5. സ്ത്രീയാണോ പുരുഷനാണോ എന്ന് തിരഞ്ഞെടുക്കുക.
6. ജനനത്തീയതി തിരഞ്ഞെടുക്കുക.
7. ദേശീയത തിരഞ്ഞെടുക്കുക.
8. നിങ്ങളുടെ സംസ്ഥാനം/ കേന്ദ്രഭരണ പ്രദേശം തിരഞ്ഞെടുക്കുക.
9. മതം തിരഞ്ഞെടുക്കുക.
10. പ്രായപരിധിയിൽ ഇളവ് വേണ്ടവർ എസ്‌സി/എസ്ടി/ഒബിസി (നോൺ ക്രീമിലെയർ) എന്നിവയിൽ നിന്ന് ഏതെങ്കിലുമൊന്ന് തിരഞ്ഞെടുക്കുക. അല്ലാത്തവർ UR തിരഞ്ഞെടുക്കുക.
11. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെടാത്തവർ പ്രായപരിധിയിൽ ഇളവ് അവകാശപ്പെടുന്നുണ്ടെങ്കിൽ അനുയോജ്യമായ കോളം തിരഞ്ഞെടുക്കുകയും നൽകിയിട്ടുള്ള സ്ഥലത്ത് വ്യക്തമായി വിവരങ്ങൾ (വിമുക്തഭടന്മാർ, പിഎച്ച്, മുതലായവ) രേഖപ്പെടുത്തുകയും വേണം.
12. കത്തിടപാടുകൾ നടത്തുന്നതിനുള്ള വിലാസം പിൻകോഡ് സഹിതം രേഖപ്പെടുത്തുക.
13. പിൻകോഡ് സഹിതം സ്ഥിരമായ വിലാസം രേഖപ്പെടുത്തുക.
14. നിങ്ങളുടെ ലാൻഡ്ഫോൺ നമ്പരും മൊബൈൽ നമ്പരും രേഖപ്പെടുത്തുക.
15. പിതാവിന്റെ പേര്, തൊഴിൽ, വിലാസം എന്നിവ രേഖപ്പെടുത്തുക.
16. വൈവാഹിക അവസ്ഥ രേഖപ്പെടുത്തുക

Next–ൽ ക്ലിക്ക് ചെയ്ത് ഘട്ടം 4–ലേക്ക് പോവുക.

**ഘട്ടം–4 (വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും സംബന്ധിച്ച വിവരങ്ങൾ)**

17. രജിസ്ട്രേഷൻ വിവരങ്ങൾ രേഖപ്പെടുത്തുക.
18. തസ്തികയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത/ പ്രവൃത്തിപരിചയം തിരഞ്ഞെടുക്കുക.
19. പത്താംതരം മുതലുള്ള വിദ്യാഭ്യാസ യോഗ്യതകൾ നൽകണം.
20. ക്രമനമ്പർ 19–ൽ പറഞ്ഞിട്ടുള്ളതല്ലാതെ അധിക വിദ്യാഭ്യാസ യോഗ്യതകൾ ഏതെങ്കിലുമുണ്ടെങ്കിൽ രേഖപ്പെടുത്തുക.
21. നിർദ്ദിഷ്ട യോഗ്യത നേടിയതിന് **ശേഷമുള്ള** പ്രവൃത്തി പരിചയമാണോ നൽകിയിരിക്കുന്നതെന്ന് തിരഞ്ഞെടുക്കുക.
22. പ്രവൃത്തിപരിചയം സംബന്ധിച്ച വിവരങ്ങൾ നൽകുമ്പോൾ Add Row/ Delete Last Row എന്നീ ബട്ടണുകളിൽ ക്ലിക്ക് ചെയ്ത് നിരകൾ (Row) ചേർക്കുകയോ നീക്കുകയോ ചെയ്യാം.

Next–ൽ അമർത്തി ഘട്ടം 5–ലേക്ക് പോവുക.

**ഘട്ടം– 5 (അപേക്ഷാ ഫീസ് സംബന്ധിച്ച വിവരങ്ങൾ)**

23. ഫീസ് ഇളവുള്ളവർ അനുയോജ്യമായ ഫീൽഡ് തിരഞ്ഞെടുക്കുക.
24. ബാങ്കിന്റെ പേര്, ശാഖ, ഡിഡി നമ്പർ, തീയതി, തുക എന്നിവ രേഖപ്പെടുത്തുക.

Next–ൽ അമർത്തി ഘട്ടം 6–ലേക്ക് പോവുക.

**ഘട്ടം- 6 (അപേക്ഷാ ഫോമിന്റെ പ്രിവ്യൂ)**

ഈഘട്ടത്തിൽ അപേക്ഷയിൽ നിങ്ങൾ നൽകിയ വിവരങ്ങൾ കാണാൻ സാധിക്കും. പേജിന്റെ മുകളിൽ കാണുന്ന ഘട്ടം-2, ഘട്ടം-3, ഘട്ടം-4, ഘട്ടം-5 എന്നിവയിൽ ക്ലിക്ക് ചെയ്ത് ആവശ്യമെങ്കിൽ നൽകിയ വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണ്. ഘട്ടം-6 പേജിന്റെ താഴ്ഭാഗത്ത് കാണുന്ന ഇമേജ് വെരിഫിക്കേഷൻ കോഡ് അതിന് തൊട്ടടുത്തുള്ള കോളത്തിൽ രേഖപ്പെടുത്തുക. അപ്ലിക്കേഷൻ രജിസ്റ്റർ ചെയ്യുന്നതിന് സബ്മിറ്റ് ബട്ടണിൽ അമർത്തുന്നതിന് മുമ്പ് എല്ലാ വിവരങ്ങളും ശരിയാണോയെന്ന് ഉദ്യോഗാർത്ഥികൾ പരിശോധിച്ച് ഉറപ്പുവരുത്തുക. സബ്മിറ്റ് ബട്ടണിൽ അമർത്തുമ്പോൾ Are you sure to submit the application? എന്ന സന്ദേശം പ്രത്യക്ഷപ്പെടും. അപേക്ഷ സമർപ്പിക്കുന്നതിന് OK-യിൽ ക്ലിക്ക് ചെയ്യുക. മുൻ ഘട്ടങ്ങളിലേക്ക് പോകുന്നതിന് ക്യാൻസലിൽ ക്ലിക്ക് ചെയ്യുക.

അപേക്ഷ വിജയകരമായി സമർപ്പിച്ചു കഴിഞ്ഞാൽ രജിസ്ട്രേഷൻ നമ്പരോട് കൂടിയ അപേക്ഷ ഫോം കമ്പ്യൂട്ടർ സ്ക്രീനിൽ തെളിയും. ഉദ്യോഗാർത്ഥികൾ ഇത് പ്രിന്റ് എടുത്ത് സൂക്ഷിക്കുക.

**വിജയകരമായി അപേക്ഷ സമർപ്പിക്കപ്പെട്ടാലുടൻ ആപ്ലിക്കേഷൻ രജിസ്ട്രേഷൻ നമ്പർ, അപേക്ഷ സമർപ്പിച്ച തസ്തികയുടെ പേര്, അപേക്ഷ സമർപ്പിച്ച തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ ഉദ്യോഗാർത്ഥിയുടെ ഇ-മെയിലിലേക്ക് അയക്കും. ഇത് കാണുന്നതിനായി ഇൻബോക്സ് അല്ലെങ്കിൽ സ്പാം ഫോൾഡർ പരിശോധിക്കുക. എന്തെങ്കിലും കാരണവശാൽ ഇത്തരത്തിൽ ഇ-മെയിൽ സന്ദേശം വരാതിരുന്നാൽ അതിന് എസ്സിടിഐഎംഎസ്ടി ഉത്തരവാദി ആയിരിക്കുകയില്ല.**

ലോഗിൻ ചെയ്ത് സമർപ്പിച്ച അപേക്ഷ കാണാനും പ്രിന്റ് എടുക്കാനും ഉദ്യോഗാർത്ഥികൾക്ക് കഴിയും. ഇതിനായി വെബ്സൈറ്റ് സന്ദർശിച്ച് ആപ്ലിക്കേഷൻ രജിസ്ട്രേഷൻ നമ്പർ, അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ഇ-മെയിൽ ഐഡി, ജനനത്തീയതി എന്നിവ നൽകണം.

ഓൺലൈൻ അപേക്ഷാ സമർപ്പണം പരാജയപ്പെട്ടാൽ, **Your online submission was unsuccessful. Please register again** എന്ന സന്ദേശം പ്രത്യക്ഷപ്പെടും. APPLY ONLINE ലിങ്ക് സന്ദർശിച്ച് അപേക്ഷ വീണ്ടും പൂരിപ്പിക്കുക.

അവസാന നിമിഷം നിരവധി പേർ ഒരുമിച്ച് അപേക്ഷ സമർപ്പിക്കാൻ ശ്രമിക്കുന്നത് മൂലമുണ്ടാകാവുന്ന സൈറ്റ് കിട്ടാതെ വരുക, ലോഗിൻ പരാജയപ്പെടുക തുടങ്ങിയ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ഉദ്യോഗാർത്ഥികൾ നേരത്തേ തന്നെ അപേക്ഷ സമർപ്പിക്കുക. കൂടുതൽ നിർദ്ദേശങ്ങൾക്കും മറ്റുമായി എസ്സിടിഐഎംഎസ്ടി വെബ്സൈറ്റ് പതിവായി സന്ദർശിക്കുക.

**ഓൺലൈൻ അപേക്ഷയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക്**
**0471-2524644/344/244 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.**

ഒപ്പ്
**ഡയറക്ടർ**

To,
നോട്ടീസ് ബോർഡ് (ഹോസ്പിറ്റൽ വിംഗ്/എഎംസി/ബിഎംടി വിംഗ്)/ വെബ്സൈറ്റ്